(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിലവിലുള്ള നിയമവ്യവസ്ഥകൾക്കു വിരുദ്ധമായി വിനോദ നികുതി കോമ്പൗണ്ട് ചെയ്തു നൽകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഇക്കാര്യം പരിശോധനയിലാണ്.

56 (1807) ആറുവരിപ്പാതയ്ക്കുവേണ്ടി ഒഴിപ്പിക്കപ്പെട്ടവർക്ക് കരം ഒടുക്കുന്നതിന് നോട്ടീസ് നൽകിയ നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർ ബ്രിഡ്ജ്-പഴവങ്ങാടി ആറുവരി പാതയ്ക്കുവേണ്ടി ഒഴിപ്പിക്കപ്പെട്ട സ്ഥലത്തുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉടമകൾക്ക് കോർപ്പറേഷൻ കരം ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് പ്രസ്തുത നോട്ടീസ് നൽകാനുണ്ടായ സാഹചര്യം എന്താണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി സ്ഥലത്തുണ്ടായിരുന്ന കെട്ടിടങ്ങൾ ഇടിച്ചു മാറ്റുന്നതുവരെയുള്ള വസ്തു നികുതി ബന്ധപ്പെട്ട ഉടമകൾ നൽകാൻ ബാദ്ധ്യസ്ഥരാണ്. അതിലേയ്ക്കുള്ള നോട്ടീസാണ് നൽകിയിട്ടുള്ളത്.

57 (1808) പേരൂർക്കട താമരക്കുളം നവീകരിക്കാൻ നടപടി

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട പോസ്റ്റാഫീസിന് പിൻവശത്തുള്ള താമരക്കുളം നവീകരിച്ച് അവിടെ ചെമ്മീൻകൃഷി നടത്തുന്നതിന് തിരുവനന്തപുരം നഗരസഭയുടെ ജനകീയാസൂത്രണപദ്ധതിപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ കുളം വൃത്തിയാക്കുകയല്ലാതെ വസ്തുവിലുള്ള കൃഷിക്ക് യാതൊരു ന്യൂനതയും വരുത്തരുതെന്ന് 5897/99 ബി. നമ്പർ ഒ.പി. യോടൊപ്പമുള്ള 10035/99 എന്ന സി.എം.പി.യിൽ ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(സി) ഈ ഉത്തരവ് വകവയ്ക്കാതെ പ്രസ്തുത കുളം സ്ഥിതി ചെയ്യുന്നിടത്തെ കൃഷികൾ ജനകീയാസൂത്രണത്തിന്റെ പേരിൽ വെട്ടിനശിപ്പിക്കുകയുണ്ടായോ;

(സി) അവിടെ ജനകീയാസൂത്രണത്തിന്റെ പേരിൽ കല്ലിറക്കി ഓടകെട്ടുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly